# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5155 06.02.2014-ൽ മറുപടിയ്ക്ക്

### ശ്രീ. അബ്ദുൾ നാസർ മദനിക്കെതിരെ കർണ്ണാടക പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

എ) ജയിലിൽ കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മദനിക്കെതിരെ കർണ്ണാടക പോലീസ് ഇതിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ശേഖരിച്ച് നൽകാമോ ;

ബി) ഈ കേസുകൾ ഓരോന്നും രജിസ്റ്റർ ചെയ്യപ്പെട്ടത് ഏത് തീയതികളിലായിരുന്നു ;

മറുപടി

രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി)

(എ) &(ബി)

കർണ്ണാടക സർക്കാരിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് ചുവടെപ്പറയുന്ന കേസുകളാണ് അബ്ദുൾ നാസർ മദനിക്കെതിരെ കർണ്ണാടക സർക്കാർ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | ക്രൈം നമ്പർ | പോലീസ് സ്റ്റേഷൻ |
|---|---|---|
| 1 | 483/08 | മദിവാല സിസിബി |
| 2 | 314/08 | ബെടയാൻപുര സിസിബി |
| 3 | 315/08 | ബെടയാൻപുര സിസിബി |
| 4 | 217/08 | ഔഡുഗോഡി സിസിബി |
| 5 | 92/08 | സാമ്പങ്ങിരാമ നഗർ സിസിബി |
| 6 | 177/08 | കെങ്കേരി സിസിബി |
| 7 | 297/08 | കോറമംഗല സിസിബി |
| 8 | 260/08 | അശോക് നഗർ സിസിബി |
| 9 | 261/08 | അശോക് നഗർ സിസിബി |
| 10 | 176/08 | പരപ്പന അഗ്രഹാര |

സി) ശ്രീ. അബ്ദുൾ നാസർ മദനിയുടെ കാര്യത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

ഡി) കർണ്ണാടകത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ. മദനിയുടെ കാര്യത്തിൽ എന്തെങ്കിലും പുതിയ തീരുമാനത്തിലെത്തുകയുണ്ടായോ ; അതിനായി സർക്കാർ നടത്തിയ ശ്രമം എന്തായിരുന്നു?

(സി) & (ഡി)

വിചാരണ തടവുകാരനായി ബംഗലരുവിലെ ജയിലിൽ കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മദനിക്ക് ഗുരുതരമായ രോഗങ്ങൾ ബാധിച്ചിരിക്കുന്നതിനാൽ ഇക്കാര്യം ഒരു മനുഷ്യാവകാശ പ്രശ്നമായി കണ്ട് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ കർണ്ണാടക സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ശ്രീ. മദനിയ്ക്ക് നൽകിയ ചികിത്സകളുടെ വിശദാംശങ്ങൾ

കർണ്ണാടക സർക്കാരിനോട് അവശ്യപ്പെടുകയും അവർ നൽകിയ വൈദ്യ പരിശോധനാ റിപ്പോർട്ടുകൾ സംസ്ഥാന സർക്കാർ രൂപീകരിച്ച അഞ്ചംഗ മെഡിക്കൽ ബോർഡ് പരിശോധിച്ച് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ